പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1596 — 11.08.2017 ൽ മറുപടിക്ക്

## റോഡ് സേഫ്റ്റി പദ്ധതിയുടെ ഭാഗമായുള്ള 'ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്മാർട്ട് ക്ലാസ് റൂം' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) റോഡ് സേഫ്റ്റി പദ്ധതിയുടെ ഭാഗമായുള്ള 'ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്മാർട്ട് ക്ലാസ് റൂം' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഈ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ നിന്നും പോലീസ് വകുപ്പ് മുഖേന തയ്യാറാക്കിയ ലിസ്റ്റിൽ മണ്ഡലത്തിലെ ഏത് സ്കൂളിനെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 18.01.2017 -ൽ നടന്ന 32 -മത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ഗവൺമെന്റ് സ്കൂളുകളിൽ ഇരുപത് പുതിയ സ്മാർട്ട് ട്രാഫിക്ക് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിനായി 88 ലക്ഷം രൂപ പോലീസ് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റ് നടപ്പിലാക്കുന്ന സ്കൂളുകൾ എം.എൽ.എ മാരുടെയും ജില്ലാപഞ്ചായത്തിന്റേയും സഹായത്തോടെ തെരഞ്ഞെടുക്കുന്നതിന് പോലീസ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ നടപ്പിലാക്കിവരുന്നുവെന്നും ഇവയെ സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം ആക്കുന്നതിനു അധികമായി തുക വേണ്ടി വരില്ലെന്നും വിദ്യാഭ്യാസ വകുപ്പ് അറിയിച്ചതിനെ തുടർന്ന് വിശദമായ പ്രൊപോസൽ സമർപ്പിക്കുവാൻ വിദ്യാഭ്യാസ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പ്രകാരമുള്ള നടപടികൾ എന്നു തുടങ്ങി എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ;<br>(സി) പദ്ധതി നടത്തിപ്പിനായി എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്നും ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ബി) & (സി) പുതുക്കിയ പ്രോജക്റ്റ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അതോറിറ്റി അംഗീകാരത്തിനു വിധേയമായി പദ്ധതി തുടങ്ങുന്നതിനാവശ്യമായ അനുമതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ